8

സഭ:

# ഒരു നല്ല മനുഷ്യനും സഭയും

**പൊതുവായ ആശയം___________________________________________**

1. ധാർമ്മികനായ ഒരു മനുഷ്യൻ രക്ഷിക്കപ്പെടുവാനുള്ള അവസ രത്തെ സംബന്ധിച്ചു ജനക്കൂട്ടത്തിന്റെ ചിന്ത എന്താണ്?
2. സഭയ്ക്കു പുറത്തു മരിക്കുന്ന നല്ല ആളുകളെ കുറിച്ചു ജനക്കൂട്ട ത്തിന്റെ ചിന്ത എന്താണ്? നല്ല മനുഷ്യൻ സഭയ്ക്കു പുറത്തു മരിക്കുമോ? എല്ലാ നാമധേയ സഭാവിഭാഗങ്ങളോടും ദയവു കാണി ക്കുമോ? അവരെല്ലാം ഒരിക്കലും സഭയോടു ഏകീഭവിച്ചി ല്ലെങ്കിലോ?

**മനുഷ്യന്റെ വിചാരങ്ങൾക്കു വിരുദ്ധമാണ്**
**ദൈവത്തിന്റെ വിചാരങ്ങൾ ____________________________________**

1. യെശയ്യാവു ആ വ്യത്യാസം വരച്ചുകാണിക്കുന്നു. യെശ. 55:8,9 മനഃപാഠം ആക്കുക.
2. പൗലൊസ് തന്റെ വിചാരങ്ങൾ അനുസരിച്ചു, എന്തു ചെയ്തിരുന്നു (പ്രവൃത്തികൾ 26:9, 10)?
3. ബൈബിൾ നല്ല മനുഷ്യനായി വിവരിക്കുന്ന ഒരാളുടെ പേർ പറയുക (പ്രവൃത്തികൾ 10:1).
   a. അവന്റെ ഭക്തിയും, ആദരവും, ഔദാര്യവും, പ്രാർത്ഥനയും എന്തായിരുന്നു (പ്രവൃത്തികൾ 10:2)? അത്തരം ആൾ ഇന്നും മികച്ചതായിരിക്കയില്ലേ? അവന്റെ സന്ദേശവാഹകർ അവന്റെ മാതൃകാ ജീവിതത്തെ കുറിച്ചു എന്താണ് പറഞ്ഞത് (പ്രവൃത്തികൾ 10:22)?
   b. അവന്റെ ഭക്തിയും ഔദാര്യവും ദൈവം എങ്ങനെ പരിഗണിച്ചു (പ്രവൃത്തികൾ 10:4)?
   c. എങ്കിലും, ആ നല്ല മനുഷ്യനെ ആരുടെ അടുക്കലേക്കാണ് അയച്ചത്? എന്തുകൊണ്ട് (പ്രവൃത്തികൾ 10:5; 11:13, 14)? സഭയ്ക്കു

പുറത്തുള്ള, ഏതെങ്കിലും നല്ല മനുഷ്യൻ, ഈ മനുഷ്യനേക്കാൾ മികച്ചവനായിരിക്കുമോ? അപ്പോൾ, എല്ലാ "നല്ല മനുഷ്യരും" എന്താണ് ചെയ്യേണ്ടത് (2 തെസ. 1:8)?

d. രക്ഷിക്കപ്പെടുവാൻ, അയാൾ എന്തു ചെയ്യണം (പ്രവൃത്തികൾ 11:14; 10:34, 35, 43, 48)?
   ദൈവം വ്യക്തികളെയും അവരുടെ സ്വഭാവത്തെയും ആദരിക്കുമോ (പ്രവൃത്തികൾ 10:34, 35)?
e. അപ്പോൾ, ലോകത്തിലെ എല്ലാ നല്ലവരും രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം (മർക്കൊ. 16:16)?

## ഒരു നല്ല മനുഷ്യനു സഭയ്ക്കു പുറത്തു രക്ഷിക്കപ്പെടുവാൻ സാധ്യമല്ല

1. **"സഭ" എന്ന വാക്കിന്റെ അർത്ഥം എന്താണ്?** വിളിക്കപ്പെട്ടവർ.
   a. എന്തിനാലും എന്തിലേക്കും ആണ് വിളിക്കുന്നത് (2 തെസ. 2:13, 14; 1 പത്രൊ. 2:9)?
   b. ഒരാൾ സഭയ്ക്കു പുറത്തു രക്ഷിക്കപ്പെടുകയാണെങ്കിൽ, അയാൾ എന്തു കൂടാതെ രക്ഷിക്കപ്പെടുന്നു (2 തെസ. 2:14)?
   അയാൾ രക്ഷിക്കപ്പെടുന്നതു എന്തു കൂടാതെ വിളിക്കപ്പെടുമ്പോഴാണ് (1 പത്രൊ. 2:9)?
2. **വീണ്ടെടുക്കപ്പെട്ടവർ എല്ലാം എന്തിനാലും ആരിലും ആണ് (എഫെ. 1:7; 1 പത്രൊ. 1:18, 19)?**
   a. എന്നാൽ വീണ്ടെടുപ്പിൻ രക്തം എങ്ങനെ എത്തുന്നു (റോമ. 6:3, 4)?
   b. എന്തിനോടു ചേരുവാൻ കൂടെയാണ് ഒരാൾ സ്നാനം ഏല്ക്കുന്നത് (1 കൊരി. 12:13; കൊലൊ. 1:18)?
      (1) ആരുടെ എങ്കിലും "നന്മ" അയാളെ അനുസരണത്തിൽ നിന്നു ഒഴിവാക്കുന്നുണ്ടോ (എബ്രാ. 5:9)?
      (2) ഒരാൾ സഭയ്ക്കു പുറത്തു രക്ഷിക്കപ്പെടുകയാണെങ്കിൽ, അയാൾ എന്തു കൂടാതെ രക്ഷിക്കപ്പെടുന്നു (റോമ. 6:3, 4)?
3. **ക്രിസ്തുവിന്റെ ശരീരം എന്നാലെന്ത് (എഫെ. 1:22, 23; കൊലൊ. 1:18)?**
   a. ഈ ശരീരത്തിൽ ഓരോ ക്രിസ്ത്യാനിയും എന്താണ് (റോമ. 12:4, 5)? ഒരാൾ എങ്ങനെ ക്രിസ്തുവിന്റെ ശരീരത്തിൽ പ്രവേശിക്കും (1 കൊരി. 12:13)?
   b. ക്രിസ്തുവുമായി ഒരാൾക്കു ശാരീരികമായി ബന്ധപ്പെടാതെ രക്ഷിക്കപ്പെടുവാൻ കഴിയുമോ (എഫെ 2:16)?
   ക്രിസ്തുവിന്റെ തലയുമായി ബന്ധപ്പെടാതെ ഒരാൾക്കു രക്ഷിക്കപ്പെടുവാൻ കഴിയുമോ (എഫെ. 1:22, 23)?
4. **നിരപ്പു പ്രാപിച്ചവരെല്ലാം ആരിൽ ആണ് (2 കൊരി. 5:18)?**
   a. എന്തിലേക്കാണ് എല്ലാവരേയും ദൈവം നിരപ്പിക്കുന്നത് (എഫെ. 2:16)? എല്ലാവരേയും നിരപ്പിക്കുന്ന ശരീരം ഏതാണ് (കൊലൊ. 1:18)?

b. ഈ നിരപ്പിക്കുന്ന ശരീരത്തിലേക്കു ഒരാൾ എങ്ങനെ പ്രവേശിക്കും (1 കൊരി. 12:13)?
   (1) യെഹൂദന്മാരെയും യവനന്മാരെയും എന്തിലാണ് ദൈവം നിരപ്പിക്കുന്നത് (എഫെ. 2:16)?
   (2) അത്തരം നിരപ്പു കൂടാതെ ആരെങ്കിലും രക്ഷ പ്രാപിക്കുമോ (2 കൊരി. 5:20)?

**5. ആരാലാണ് എല്ലാവരും രക്ഷിക്കപ്പെടുന്നതു (ലൂക്കൊ. 19:10; 1 തിമൊ. 2:5, 6)?**

a. ക്രിസ്തു എന്തിന്റെ രക്ഷകൻ ആണ് (എഫെ. 5:23)?
b. ഒരാൾ അവന്റെ ശരീരത്തിൽ എങ്ങനെ പ്രവേശിക്കും (1 കൊരി. 12:13)?
   ഒരാൾ സഭയ്ക്കു പുറത്തു രക്ഷിക്കപ്പെടുകയാണെങ്കിൽ, രക്ഷകൻ കൂടാതെയല്ലേ രക്ഷിക്കപ്പെടുന്നത്?

**6. രക്തത്താൽ സുരക്ഷിതമാകുന്ന മൂന്നു കാര്യങ്ങൾ ഏവ (മത്താ. 26:28; റോമർ 5:9; 1 യോഹ. 1:7)?**

a. എന്താണ് രക്തത്താൽ സമ്പാദിച്ചത് (പ്രവൃത്തികൾ 20:28)? എങ്ങനെയാണ് രക്തം എത്തുന്നത് (റോമ. 6:3, 4)?
b. എന്തിനോടു ചേരുവാൻ കൂടെയാണ് ഒരാൾ സ്നാനം ഏല്ക്കുന്നത് (1 കൊരി. 12:13)?
   (1) രക്ഷയിൽ രക്തത്തിനു എന്തു പങ്കാണുള്ളത് (എബ്രാ. 9:22)?
   (2) ഒരാൾ സഭയ്ക്കു പുറത്തു രക്ഷിക്കപ്പെടുകയാണെങ്കിൽ, അയാൾ ഏതെല്ലാം മൂന്നു കാര്യങ്ങൾ കൂടാതെയാണ് രക്ഷിക്കപ്പെടുന്നത്?

**7. എന്താണ് ദൈവത്തിന്റെ ഭവനം (1 തിമൊ. 3:15), ആരാണ് അവകാശികൾ (റോമ. 8:16, 17)?**

**പരിഗണിക്കേണ്ട കാര്യങ്ങൾ**

1. **സഭയാണോ രക്ഷിക്കുന്നത് അതോ സഭയിൽ ക്രിസ്തുവാണോ രക്ഷിക്കുന്നത് (എഫെ. 5:23)?**
2. **നിരപ്പുകൂടാതെ എല്ലാവർക്കും രക്ഷിക്കപ്പെടുവാൻ കഴിയുമോ?**

© 2009 Truth for Today